പിഎച്ച്. ഡി. ബിരുദധാരികളെ ബി. എഡ്. യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കി നിയമനം അംഗീകരിക്കാൻ നടപടി

93 (690) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് 28-10-2000-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.) 353/2000 എന്ന ഉത്തരവ് എന്തിനെക്കുറിച്ചാണെന്ന് വിശദമാക്കാമോ ;

(ബി) ഈ ഉത്തരവ് എന്നു മുതൽക്കാണ് പ്രാബല്യത്തിൽ വന്നത് എന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ച കരിക്കുലം കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ എന്നു വ്യക്തമാക്കാമോ ;

(ഡി) ആണെങ്കിൽ പ്രസ്തുത കരിക്കുലം കമ്മിറ്റി യോഗം എന്നാണ് ചേർന്നത് എന്നും കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നു എന്നും വെളിപ്പെടുത്തുമോ ;

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരായി സർവ്വീസിൽ ഉള്ളവർക്കും പുതുതായി നിയമനം ലഭിക്കുന്നവർക്കും ബി. എഡ്. ബിരുദം യോഗ്യതയായി നേടുന്നതിൽ നിന്നും ഏതെല്ലാം വിഭാഗക്കാരെ ആണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(ജി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരായി നിയമനം ലഭിച്ച പി. എച്ച്.ഡി. ബിരുദധാരികളെ ബി. എഡ്. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) 353/2000 തീയതി 28-10-2000 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കായി സർക്കാർ പുറത്തിറക്കിയ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എച്ച്) പ്രസ്തുത ഉത്തരവ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഐ) ജി.ഒ.(എംഎസ്.) 353/2000 തീയതി 28-10-2000 എന്ന സർക്കാർ ഉത്തരവിന്റെ നിയമ പ്രാബല്യം കണക്കിലെടുത്ത് ബി.എഡ്. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയ പിഎച്ച്. ഡി. ബിരുദധാരികളുടെ നിയമന അംഗീകാരം താൽക്കാലിക കാലാവധി എന്നത് ഒഴിവാക്കി പൂർണ്ണമായി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിഎച്ച്. ഡി. ബിരുദമുള്ളവരെ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് ബി. എഡ്ഡിൽ നിന്നും ഒഴിവാക്കികൊണ്ടുള്ള ഉത്തരവാണ് 28-10-2000-ലെ ജി. ഒ (എംഎസ്.) 353/2000/പൊ.വി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15-7-1998-ലെ ജി. ഒ. (എംഎസ്.) 273/98/പൊ.വി. ഉത്തരവ് പ്രകാരം പിഎച്ച്. ഡി., എം.ഫിൽ., ജെ.ആർ.എഫ്., നെറ്റ് യോഗ്യതയുള്ളവർക്ക് മൂന്നു വർഷത്തിനുള്ളിൽ ബി. എഡ്. യോഗ്യത് എടുത്തുകൊള്ളണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ പ്ലസ് ടു അദ്ധ്യാപക നിയമനം നൽകാമായിരുന്നു. പ്രസ്തുത ഉത്തരവിനുള്ള ഭേദഗതി എന്ന നിലയ്ക്കാണ് 28-10-2000-ലെ ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ അന്നുമുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ട്.

(സി) യോഗ്യതകളിൽ ഇളവ് വരുത്തുന്നത് ഹയർ സെക്കന്ററി കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ്.

(ഡി) വിശദ വിവരം ശേഖരിച്ചു വരുന്നു.

(ഇ) നിയമന ചട്ടങ്ങൾ പ്രകാരം കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്കാണ് ബി.എഡ്-ൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളത്.

(എഫ്) എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള ചട്ടങ്ങൾ ഉൾപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.*

(ജി) സ്റ്റാറ്റ്യൂട്ടറി സ്പെഷ്യൽ റൂളുകൾ നിലവിൽ വരുമ്പോൾ അതിനു മുമ്പ് നിലവിലിരുന്ന എക്സിക്യൂട്ടീവ് ഓർഡറുകൾ അസാധുവാകും. നിയമന യോഗ്യത സംബന്ധിച്ച എല്ലാവശങ്ങളും വിവിധ തലങ്ങളിൽ സസൂക്ഷ്മം പരിശോധിച്ച ശേഷമാണ് സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. വിവിധ തലങ്ങളിലുള്ള ശുപാർശ പ്രകാരം ആണ് ഇത് ഒഴിവാക്കിയത്.

(എച്ച്) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമാകുമ്പോൾ ഇക്കാര്യവും പരിശോധനയിൽ വരുന്നതാണ്.

(ഐ) സ്പെഷ്യൽ റൂളുകൾക്ക് ഭേദഗതി വരുത്തുന്നതിന് എക്സിക്യൂട്ടീവ് ഓർഡറുകൾ പുറപ്പെടുവിക്കാവുന്നതല്ല. ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) അദ്ധ്യാപക നിയമനം

94 (691) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-9-2001-ൽ നിലവിൽ വന്ന എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി ;

(ബി) 1998-1999 അദ്ധ്യയന വർഷത്തിലും 1999-2000 അദ്ധ്യയന വർഷത്തിലും ഈ വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താൽക്കാലിക അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly